


കുര്യൻ ജോസ് ജൂനിയർ
ഫാമിൽ അതിഥികൾക്ക് ഒപ്പം

# മനം നിറയ്ക്കാം, വിഷം മണക്കാത്ത ഈ മാതളത്തോട്ടത്തിൽ

**മു**ല്ലപ്പെരിയാറിന്റെ നോട്ടം മാത്രമല്ല നനവുമേറ്റു കിടക്കുന്നിടമാണ് ലോവർ ക്യാംപ്. കുമളിയിൽനിന്നുള്ള മുടിപ്പിൻ വളവുകൾ കടന്ന് കൂറ്റൻമരങ്ങളുടെ തണലും ചെറുവെള്ളച്ചാട്ടങ്ങളുടെ തണുപ്പും ആസ്വദിച്ച് ചെന്നു നിൽക്കുന്നത് കമ്പം താഴ്‌വരയിലാണ്. മുല്ലപ്പെരിയാർ പണിതീർത്ത കേണൽ ജോൺ പെനിക്വിക്ക് സായ്‌വിന്റെ പ്രതിമയും പിന്നിട്ട് കമ്പം താഴ്‌വരയുടെ ഭംഗി നുകർന്ന് കൊല്ലം-തേനി ദേശീയപാത 220-ലൂടെ മുന്നോട്ട് പോകുമ്പോൾ വാഴയും തെങ്ങും തഴച്ചുനിൽക്കുന്ന കാഴ്ചകൾ. മേലേഗൂഡല്ലൂർ പ്രദേശത്തുകൂടി അൽപ്പംകൂടി മുന്നോട്ടുപോയാൽ മുന്തിരിവിളയുന്ന തോട്ടങ്ങളായി.

പശ്ചിമഘട്ടത്തിന്റെ ഈ താഴ്‌വാരം ഒരുകാലത്ത് കാളയോട്ടങ്ങൾക്ക് പ്രസിദ്ധമായിരുന്നു. മുത്തലമ്മൻ കോവിലിലെ ഉത്സവങ്ങളോട് ചേർന്നായിരുന്നു കാളക്കൂറ്റന്മാരുടെ മത്സരം. കൊമ്പിൽ ചായം പൂശി, എണ്ണ തൊട്ടെടുക്കാവുന്ന മിനുപ്പുമായി കാളകൾ മത്സരിക്കാനെത്തും. കൃഷിയിടങ്ങളുടെ ഐശ്വര്യവും വിളവിന്റെ അടയാളവുമാണ് കാളക്കൂറ്റന്മാർ. കാളകളെ പൂട്ടിയ വണ്ടികൾക്കുമുണ്ടായിരുന്നു ഓട്ടമത്സരം. മത്സരങ്ങളിൽ ജയിക്കുന്ന കാളകൾക്ക് രാജപദവിയായിരുന്നു. കാളകളോടിയ വയലിൽ നൂറുമേനി വിളവുകിട്ടുമെന്നായിരുന്നു വിശ്വാസം.

കൃഷിക്കും വിനോദസഞ്ചാരത്തിനും പേരുകേട്ടതാണ് ഇന്ന് കമ്പം വാലി. ഇവിടെ മേലേഗൂഡല്ലൂരിലെ ചുവന്നമണ്ണിൽ മൊട്ടക്കുന്നും കുഴിയുമായി കിടന്നിരുന്നൊരു സ്ഥലമുണ്ട്. മക്കച്ചോളവും വരഗും വളർന്നിരുന്ന പാടങ്ങൾക്ക് അരികിലെ 35 ഏക്കർ തരിശ് മണ്ണ്. അത് വാങ്ങാൻ തീരുമാനിക്കുമ്പോൾ കൊച്ചിയിൽനിന്നെത്തിയ കുര്യൻ ജോസ് സീനിയറിന്റെ മനസിൽ വ്യക്തമായൊരു കാഴ്ചപ്പാടുണ്ടായിരുന്നു. മൊട്ടക്കുന്നുകളെ ഇടിച്ചുനിരത്തി, ലാൻഡ്സ്കേപ്പ് ചെയ്ത് ആരെയും ആകർഷിക്കുന്നൊരു കൃഷിയിടമാക്കി മാറ്റുന്ന

തിനുള്ള രൂപരേഖകൾ. മണ്ണിനെ ജീവൻവയ്പ്പിക്കണമെന്നും ചെടികൾക്ക് വേരുപാകാൻ പരുവത്തിൽ മണ്ണിൽ നനവ് നിർത്തണമെന്നും തേനീച്ചകൾക്കും ചിത്രശലഭങ്ങൾക്കും പ്രാണഭയമില്ലാതെ തേൻനുകരാൻ അവസരം വേണമെന്നും അദ്ദേഹം പദ്ധതിയിട്ടു. അങ്ങനെയാണ് പൂർണമായും ജൈവകൃഷിയിടമായി ഇവിടം മാറ്റാനുള്ള പരിശ്രമങ്ങൾ തുടങ്ങുന്നത്.

പുതുമയുള്ള വിളകൾ വേണമെന്നു തോന്നിയപ്പോൾ മാതളനാരകമാണ് മനസിൽ തോന്നിയത്. മാതളത്തിന് അധികം വെള്ളം ആവശ്യമില്ല. സൂര്യപ്രകാശം ആവോളം വേണംതാനും. മഹാരാഷ്ട്രയിൽനിന്ന് ഭാഗ്‌വ എന്ന മികച്ച ഇനം കണ്ടെത്തി ഇവിടെ നട്ടുവളർത്തി. ചുവന്നുതുടുത്ത പഴങ്ങളും മൃദുവായ വിത്തുകളുമുള്ളതാണ് ഈയിനം. 250 ഗ്രാം മുതൽ 500 ഗ്രാം വരെ തൂക്കം വയ്ക്കും. കട്ടിയേറിയ തൊടായതിനാൽ ദൂരെ സ്ഥലത്തേയ്ക്കുപോലും കയറ്റി അയയ്ക്കാം. പതിവയ്ക്കലിലൂടെ മാതൃചെടികളിൽനിന്ന് ഇവിടെത്തന്നെ പുതുതൈകൾ വളർത്തിയെടുക്കുകയായിരുന്നു. ആകെ പതിനയ്യായിരം മാതളച്ചെടികളുണ്ട് ഈ തോട്ടത്തിൽ.

കഴിഞ്ഞ ആറേഴ് വർഷത്തെ പരിശ്രമങ്ങൾകൊണ്ട് ഇവിടെ 25 ഏക്കറിലും മാതളം വേരുറപ്പിച്ചു. കാലിവളവും ജീവാമൃതവും പഞ്ചഗവ്യവുമെല്ലാണ് ഈ കൃഷിയിടത്തിന് പരിചയമുള്ള വളങ്ങൾ. രാസവളങ്ങൾക്ക് പ്രവേശനമില്ല. പൂർണമായും ജൈവകൃഷി. അങ്ങനെയാണ് 2012-ൽ ഇൻഡോസെർട്ടിന്റെ ജൈവകൃഷി സർട്ടിഫിക്കറ്റ് ലഭിക്കുന്നത്. മൂന്നുമാസത്തിലൊരിക്കലെങ്കിലും ഇൻഡോസെർട്ടിൽനിന്നുള്ളവർ ഇവിടെയെത്തി ജൈവകൃഷി ഉറപ്പുവരുത്താൻ പരിശോധന നടത്തുന്നുണ്ട്.



മാതളവും മറ്റുവിളകളും വളർന്നുതുടങ്ങിയതോടെ തോട്ടം കാണാൻ ആളുകളെത്തുമായിരുന്നു. അങ്ങനെയാണ് ഫാം ടൂറിസവും ജൈവകൃഷിയും കൈകോർത്തുകൊണ്ടുപോകുന്നത്. ഹാർവെസ്റ്റ് ഫ്രെഷ് എന്ന പേരിൽ ഫാം ടൂറിസത്തിന്റെ സാധ്യതകൾ ഉപയോഗപ്പെടുത്തുന്നതിനും അതിന് പ്രചാരം നല്കുന്നതിനുമായിരുന്നു ശ്രമങ്ങൾ. ജൈവകൃഷിയോട് ആളുകൾക്ക് അടുപ്പവും ആകർഷകത്വവും വളർന്നുവരുന്ന കാലമായിരുന്നു. വിദേശങ്ങളിൽനിന്നും വടക്കേയിന്ത്യയിൽനിന്നുമെല്ലാം സഞ്ചാരികൾ ഇവിടേയ്ക്കു കടന്നുവന്നു. മാതളം പൂവിട്ടുനിൽക്കുന്നതും നല്ല ചുവപ്പൻ കായ്കൾ ചൂടി നിൽക്കുന്നതുമെല്ലാം അവർക്ക് അത്ഭുതക്കാഴ്ചകളായിരുന്നു.




ഫാം മാനേജർ
ജോൺ തോമസ്

രാജകീയ തലയെടുപ്പുള്ള പനകൾ അതിരിടുന്ന വഴികളിലൂടെ വെട്ടിയൊരുക്കിയ ചെടികളുടെ പച്ചപ്പിലുരുമ്മി, ചെന്തെങ്ങിൻകുലകളെ തൊട്ടുതലോടി, പാഷൻഫ്രൂട്ട് വള്ളികളിൽ നിറഞ്ഞുകിടക്കുന്ന പഴങ്ങളിലൊരെണ്ണം പറിച്ചെടുത്ത്, കൈയെത്തും ഉയരത്തിൽ പപ്പായകൾ ചുവന്നുപഴുത്തുകിടക്കുന്നതും കിളികൾ അവയെ വട്ടംചുറ്റിപ്പറക്കുന്നതും കണ്ടുകണ്ട് നടന്നുപോകുമ്പോൾ ശരിക്കും വേറൊരു ലോകത്തിലെത്തിയ തോന്നലുണ്ടാകും അതിഥികൾക്ക്. പ്രത്യേകിച്ച്, പട്ടണങ്ങളുടെ തിരക്കും ചൂടും പൊടിയും മാത്രം പരിചയമുള്ളവർക്ക്. നഗരങ്ങളിലെ സ്കൂളുകളിൽനിന്ന് കൂട്ടമായി കുട്ടികളെത്താറുണ്ട് ഇവിടെ. ഒരു ദിവസം മുഴുവൻ തോട്ടത്തിലൂടെ ഓടിനടന്ന് ചെടികളുടെ വൈവിധ്യം കണ്ടറിഞ്ഞ് തിരികെ പോകുമ്പോൾ അവരുടെ മനസ് പ്രകൃതിയുടെ കുളിരിൽ മതിമറക്കും.



ചെടികളിൽനിന്ന് പറിച്ചെടുത്ത മാതളത്തിന്റെയും പപ്പായയുടെയും പാഷൻഫ്രൂട്ടിന്റെയും രുചി അവരുടെ നാവിലുണ്ടാകും. വിഷമേതും വാരിപ്പൂശാതെ വളർന്നുനിൽക്കുന്ന ചെടികളും കായ്കളും അവർക്ക് പരിചയമേയില്ലല്ലോ. വരിവരിയായി നട്ടുവളർത്തിയ മാതളച്ചെടി





കൾക്കിടയിൽ പയറിനങ്ങൾ നട്ടുവളർത്തിയിരിക്കുന്നു. ചെടികൾക്ക് ഇവ വളമായി മാറും. ഓരോ നിരകൾക്കിടയിലൂടെയും ട്രാക്ടർ ഓടിയെത്തും. വ്യത്യസ്തമായ രുചിയുള്ള പഴങ്ങൾ തരുന്ന ആറിനം പാഷൻ ഫ്രൂട്ട് ചെടികളാണ് ഇവിടെയുള്ളത്. വിവിധയിനം മാവുകളും ചെന്തെങ്ങുകളും പ്ലാവും പച്ചക്കറികളുമെല്ലാം ഫലം തരുന്നവയാണ്. കടുത്ത വെയിലിൽ മണ്ണ് കട്ടിയായി പോകാതിരിക്കാൻ ചകിരിച്ചോറാണ് സഹായിക്കുന്നത്. ഫാക്ടറികളിൽനിന്ന് കൊണ്ടുവരുന്ന ചകിരിച്ചോറ് നടവഴികളിൽ വിതറിയിടും. അവയുടെ പുളി കെട്ടുകഴിയുമ്പോൾ ചെടിച്ചുവട്ടിലേയ്ക്ക്. മണ്ണിനെ പാകപ്പെടുത്താനായി ഉമിക്കരിയാണ് മറ്റൊരു പ്രയോഗം. സിലിക്ക അംശം കൂട്ടുന്നതിനും പിഎച്ച് അളവ് ക്രമീകരിക്കുന്നതിനും ഇത് സഹായിക്കും.

വെച്ചൂർ, കാസർഗോഡൻ പശുക്കളുടെ ഒരു സംഘമുണ്ട് ഇവിടെ. ഇവയുടെ ചാണകത്തിൽനിന്ന് തയാറാക്കുന്ന ജീവാമൃതവും പഞ്ചഗവ്യവുമാണ് ചെടികൾക്ക് കരുത്തേകുന്നതെന്ന് ഫാം മാനേജർ ജോൺ തോമസ് പറഞ്ഞു. കുമിൾ രോഗത്തിനും ചിലയിനം കീടങ്ങൾക്കുമെതിരേ ശർക്കര ചേർത്ത് ബയോഗാർഡ് ഉപയോഗിക്കും. ബാക്ടീരിയ അടിസ്ഥാനമാക്കിയ സ്



മാതളത്തോട്ടം



പ്രേയാണ് മറ്റൊരു പ്രയോഗം.

ഇവിടുത്തെ മാതളപ്പഴങ്ങൾക്ക് ഏറെ ഡിമാൻഡുണ്ട്. ചെന്നൈയിൽനിന്നും ബെംഗളൂരുവിൽനിന്നും കോയമ്പേടിൽനിന്നുമെല്ലാം ഓർഡറുകൾ എത്തും. ജൈവകൃഷിയായതിനാൽ പ്രീമിയം വില നല്കി ആളുകൾ വാങ്ങും. സാധാരണ പപ്പായയ്ക്ക് പത്തുരൂപ വില കിട്ടുമ്പോൾ ഹാർവെസ്റ്റ് ഫ്രെഷിലെ പപ്പായയ്ക്ക് 30 രൂപ വരെ വില കിട്ടുന്നു.

പുതിയയിനം ചെടികൾ ഒന്നൊന്നായി ഇവിടെ വേരൂന്നുണ്ട്. അറേബ്യൻ നാട്ടിൽനിന്നെത്തിയ ഈന്തപ്പഴവും ഇസ്രയേലിൽനിന്നുള്ള ഒലിവും ഇവിടെ വളർന്നുവരുന്നു. ഫാം കണ്ട് ഇഷ്ടപ്പെട്ട് ചെടികളും പഴങ്ങളും വാങ്ങാൻ ആഗ്രഹിക്കുന്നവർക്കായി മേലേഗൂഡല്ലൂർ ദേശീയപാതയരികിൽ ഒരു നഴ്സറിയും വിൽപ്പനശാലയും തുടങ്ങിയിട്ടുണ്ട്.

ഫാമിലെത്തുന്നവർക്ക് ചുറ്റിനടക്കാൻ കാളവണ്ടികൾ ത



യാർ. നാലും അഞ്ചും പേർക്ക് കാളവണ്ടികളിൽ കയറി രണ്ടു മണിക്കൂർ ചുറ്റിവരാൻ 1500 രൂപ. പിന്നിൽ സീറ്റുകൾ ഒരുക്കിയ ട്രാക്ടറുമുണ്ട്. അതിൽ കയറി ഒന്നു കറങ്ങിവരാനും ആളുകൾക്ക് താത്പര്യമാണ്. ജോലിക്കാർക്കൊപ്പം വിളഞ്ഞ മാതളവും പപ്പായയും പാഷൻഫ്രൂട്ടുമെല്ലാം പറിച്ചെടുക്കാം. വൻവാത്തിന്റെയും മണിത്താറാവുകളുടെയും കലപിലകൾ കേൾക്കാം. അവയുടെ പിന്നാലെ നടക്കാനും തീറ്റിപ്പോറ്റാനും ഇവിടെ സൗകര്യമുണ്ട്.

ഫാം ടൂറിസത്തിനായി കൂടുതൽ സൗകര്യങ്ങൾ ഒരുക്കാനുള്ള പരിശ്രമത്തിലാണ് ഹാർവെസ്റ്റ് ഫ്രെഷിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ കുര്യൻ ജോസ് ജൂണിയർ. ഇതിനായി ചിന്നമണ്ണൂരിലെ താഴ്വാരത്ത് 200 ഏക്കറിൽ കാഴ്ചകൾ നിറയുന്ന ഫാം ഒരുങ്ങുകയാണ്.

**വിലാസം: ഹാർവെസ്റ്റ് ഫ്രെഷ് ഫാം,**
**കമ്പം, തേനി - 9895686556, 7558867799**
**website: www.harvestfresh.in**

